**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4002** **15-07-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സൗഹൃദ പൊതുയിടവും ക്രൈം മാപ്പിംഗ് പദ്ധതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സ്ത്രീകളുൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നീ ലക്ഷ്യത്തോടെ വാർഡ് തലത്തിലും നഗരഭരണ സ്ഥാപനങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ലിംഗപദവിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിന് ജെന്റർ റിസോഴ്സ് സെന്ററുകളും, വനിതാ ഹെൽപ്പ് ഡെസ്കുകളും, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും ജൂഡോ, കരാട്ടെ എന്നിവയിലും യോഗയിലും പരിശീലനം നൽകുന്ന പ്രൊജക്ടുകളും ഏറ്റെടുത്ത് വരുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ബോധവത്കരണ ക്ലാസ്സുകളും, കൗൺസിലിംഗുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. കോളിംഗ് ബെൽ ,ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി, പറയാം പരിഹരിക്കാം ഹിയറിംഗ് വിവിധതരം ബോധവത്കരണക്ലാസുകൾ എന്നിവ നടത്തിവരുന്നു.<br><br>സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് 14 ജില്ലകളിലും സൗജന്യ സേവനം നൽകിവരുന്നു. കൗൺസിലിംഗ്, താൽക്കാലിക അഭയം, നിയമ സഹായം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ മുതലായ സേവനങ്ങൾ സ്നേഹിതയുടെ നേതൃത്വത്തിൽ നൽകുന്നു. കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ലീഗൽ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് സ്നേഹിത @ സ്കൂൾ പ്രവർത്തനവും കോളേജുകൾ, പോലീസ് |

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകൾ, ജില്ലാ ജയിലുകൾ മുതലായവയും സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു.<br><br>സ്ത്രീകൾക്കുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമായ ജെൻഡർ റിസോഴ്സ് സെന്ററുകൾ 729 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. അതിക്രമങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനുമായി വാർഡ്തലത്തിൽ 5 മുതൽ 10 വരെ അംഗങ്ങളുള്ള സന്നദ്ധഗ്രൂപ്പുകളായ വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. സാംസ്കാരിക മേഖലയിലെ സ്ത്രീസാന്നിധ്യം ഉറപ്പാക്കുന്നതിനും ജനോപകാരപ്രദമായ ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനുമായി സ്ത്രീകളുടെ തീയറ്റർ ഗ്രൂപ്പായ രംഗശ്രീ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി പ്രാദേശികതലത്തിൽ പ്രതിരോധം ഉണ്ടാകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് 152 പഞ്ചായത്തുകളിൽ ക്രൈംമാപ്പിംഗ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ലിംഗപദവി തുല്യതയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങളെ തുല്യതയോടെ ഇടപെടുന്നതിന് പ്രാപ്തരാക്കുന്നതിനായി കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥർക്കും മറ്റ് സഹായക ഗ്രൂപ്പുകൾക്കുമായി ജെൻഡർ അവബോധ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്ത്രീധനം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം എന്നിവക്കെതിരെ സ്ത്രീപക്ഷ നവകേരളം പ്രചാരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | സ്ത്രീ സൗഹൃദ പൊതുയിടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | വിജിലന്റ് ഗ്രൂപ്പ്, ക്രൈംമാപ്പിംഗ് തുടങ്ങിയ പദ്ധതികൾ സ്ത്രീ സൗഹൃദ പൊതു ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ളവയാണ്. കൂടാതെ വിവിധ ക്യാമ്പയിനുകൾ ജില്ല, സി.ഡി.എസ്, അയൽക്കൂട്ടതലങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുകയുണ്ടായി. 'പൊതു ഇടം എന്റേതും' എന്ന ക്യാമ്പയിനിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ, ലൈബ്രറികൾ, ബീച്ചുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. രാത്രി |

| | | | |
|---|---|---|---|
| | | | നടത്തം, രാത്രി അയൽക്കൂട്ട മീറ്റിങ്ങുകൾ തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ക്രൈം മാപ്പിംഗ് പദ്ധതി എത്ര പഞ്ചായത്തുകളിലാണ് ഇപ്പോൾ നടപ്പാക്കി വരുന്നത് എന്ന് അറിയിക്കാമോ; | (സി) | ഓരോ ബ്ലോക്കിലും ഒരു സി.ഡി.എസ് എന്ന നിലയിൽ 152 പഞ്ചായത്തുകളിലാണ് ക്രൈംമാപ്പിംഗ് നടന്നു വരുന്നത്. |
| (ഡി) | സംസ്ഥാനത്ത് എത്ര ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ 5 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രത സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ജാഗ്രതാ സമിതികൾ മുഖേന നൽകുന്ന പിന്തുണയും സഹായവും എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | അതിക്രമങ്ങൾ നേരിടുന്നവർക്കും അതിക്രമങ്ങൾക്കിരയാകാൻ സാധ്യതയുള്ളവർക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നത്. അതിക്രമങ്ങൾക്കെതിരെയുള്ള പ്രതിരോധ പരിപാടികൾ, മറ്റുവകുപ്പുകളുമായി സംയോജിച്ചുകൊണ്ടുള്ള സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് വിജിലന്റ് ഗ്രൂപ്പുകൾ ചെയ്തുവരുന്നത്. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ജാഗ്രതാ സമിതികൾ മുഖേന കൗൺസിലിംഗ്, നിയമപരിരക്ഷ, മീഡിയേഷൻ, താൽക്കാലിക സംരക്ഷണം, പോലീസ് ഇടപെടൽ റഫറൽ സംവിധാനം എന്നിവ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ